പത്തനംതിട്ട - 1

ഇടുക്കി - 1

കോട്ടയം - 1

(ഡി) ഇനിയും റിപ്പോർട്ട് ചെയ്യുവാനുള്ള തിരുവനന്തപുരം, എറണാകുളം ജില്ലയിലെ ഓരോ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി.-യിൽനിന്നും നിയമനശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതുമാണ്.

വ്യാജവാറ്റും വ്യാജമദ്യവിൽപനയും കഞ്ചാവ് വിൽപനയും തടയാൻ നടപടി

77 (4411) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടു സ്റ്റാർ, ത്രീ സ്റ്റാർ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജ വാറ്റും വ്യാജമദ്യവിൽപ്പനയും കഞ്ചാവ് വിൽപ്പനയും വർദ്ധിച്ചു വരുന്നതായ വാർത്തകളുടെ അടിസ്ഥാനത്തിൽ അവ തടയുന്നതിന് എക്സൈസ് വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ;

(ബി) വീടുകൾ കേന്ദ്രീകരിച്ച് വ്യാജ മദ്യ വിൽപ്പന റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ വനിതാ എക്സൈസ് ഗാർഡുകളെ നിയമിച്ച് റെയ്ഡുകൾ ഊർജ്ജിതപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ടു സ്റ്റാർ, ത്രീ സ്റ്റാർ ബാറുകൾ പൂട്ടിയതിനുശേഷം വ്യാജ വാറ്റും വ്യാജമദ്യ വിൽപ്പനയും കഞ്ചാവ് വിൽപ്പനയും തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് ലഹരി വസ്തുക്കൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തു നിന്നും കടത്തിക്കൊണ്ടുവരാനുള്ള സാദ്ധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ആഡംബര കാറുകളും ഉൾപ്പടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും ലഹരി വസ്തുക്കളുടെ നിർമ്മാണം, വിൽപന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും ലഹരി വസ്തുക്കളുടെ വിൽപനക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജൂൺ 15 മുതൽ ജൂലൈ 15 വരെ "ഓപ്പറേഷൻ മൺസൂൺ" എന്ന പേരിൽ തീവ്ര എൻഫോഴ്സ്മെന്റ് ഡ്രൈവ് നടപ്പിലാക്കിയിരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി കൃത്യമായി എല്ലാ മാസവും എക്സൈസ് കമ്മീഷണർ മാസാവലോകന യോഗം കൂടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ കൃത്യമായ അവലോകനം നടത്തിവരുന്നുണ്ട്.

(ബി) വീടുകൾ കേന്ദ്രീകരിച്ച് വ്യാജമദ്യ വിൽപന റിപ്പോർട്ട് ചെയ്യപ്പെടുന്ന സാഹചര്യത്തിൽ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. വ്യാജമദ്യ നിർമ്മാണത്തിലും വിപണനത്തിലും ഏർപ്പെട്ടിട്ടുള്ള സ്ത്രീകൾക്കെതിരെ നിലവിലുള്ള വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ സേവനം ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ബിയർ - വൈൻ പാർലറുകൾ

78 (4412) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ മദ്യനയം പ്രഖ്യാപിച്ചശേഷം എത്ര ബിയർ-വൈൻ പാർലറുകൾ തുടങ്ങിയിട്ടുണ്ട് ;

(ബി) ബാറുകളും ബിയർ-വൈൻ പാർലറുകളും തമ്മിലുള്ള വ്യത്യാസം എന്താണ് ;

(സി) ബാറുകൾക്ക് ബാധകമായ നിയന്ത്രണങ്ങൾ ബിയർ-വൈൻ പാർലറുകൾക്കും ബാധകമാണോ ;

(ഡി) ബിയർ-വൈൻ പാർലറുകളിൽ നിന്ന് സാധനങ്ങൾ വാങ്ങുന്നതിന്റെ പ്രായപരിധി എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly